വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ നൽകേണ്ട നഷ്ടപരിഹാരത്തുക

144 (3654) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ സ്ഥാപിക്കുന്നതിനും അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി പോർട്ട് ട്രസ്റ്റിൽനിന്നും ലഭിക്കേണ്ട നഷ്ടപരിഹാരത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഇനത്തിൽ പോർട്ട് ട്രസ്റ്റ് ഇതുവരെ എത്ര തുക നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) ബാക്കി നഷ്ടപരിഹാരത്തുക ലഭിക്കുന്നതിന് 2011 ജൂൺ മാസം മുതൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത നടപടികൾ സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ നിർമ്മാണ പദ്ധതിമൂലം തൊഴിലും തൊഴിലുപകരണങ്ങളും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് പദ്ധതിയുടെ ഒന്നാം ഘട്ടം 96,19,110 രൂപയും രണ്ടാം ഘട്ടം 1,09,20,695 രൂപയുമാണ് നഷ്ടപരിഹാര തുകയായി നൽകേണ്ടത്.

(ബി) ICTT പദ്ധതിയുടെ ഒന്നാം ഘട്ടം റെയിൽ കണക്ടിവിറ്റിക്ക് 27,42,500 രൂപയും NH കണക്ടിവിറ്റിക്ക് 68,76,610 രൂപയുമാണ്.

(സി) National Highway കണക്ടിവിറ്റിയുമായി ബന്ധപ്പെട്ട് ലഭിക്കേണ്ട തുകയായ 68,76,610 രൂപ National Highway Authority of India യിൽ നിന്നും ഇതുവരെയും ലഭിച്ചിട്ടില്ല. പ്രസ്തുത തുക അനുവദിക്കുന്നത് സംബന്ധിച്ച് 25-3-2011, 4-4-2011, 7-5-2011, 3-7-2012 എന്നീ തീയതികളിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ് Highway Authority of India യുമായി ബന്ധപ്പെടുകയുണ്ടായി. കൂടാതെ ടി വിഷയം സംബന്ധിച്ച് കൊച്ചിൻ പോർട്ട് ട്രസ്റ്റ് ചെയർമാൻ, റീജിയണൽ ഓഫീസറുമായും 25-6-2014-ൽ ബന്ധപ്പെടുകയുണ്ടായി.

(ഡി) രേഖകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly